# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ. 1643

11.02.2013 - ലെ മറുപടിയ്ക്ക്

### ന്യൂനപക്ഷക്ഷേമപ്രവർത്തനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. രാധാകൃഷ്ണൻ | ശ്രീ. മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി) |
| (എ) ന്യൂനപക്ഷക്ഷേമത്തിനായി ഇതുവരെ ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;<br><br>(ബി) ന്യൂനപക്ഷ സമുദായങ്ങളിൽപ്പെട്ട ഓരോ വിഭാഗത്തിനും ക്ഷേമപ്രവർത്തനങ്ങൾ, വിദ്യാഭ്യാസ ആനുകൂല്യങ്ങൾ, മറ്റിതര വികസന പ്രവർത്തനങ്ങൾ എന്നിവയ്ക്കുവേണ്ടി ചെലവഴിച്ചിട്ടുള്ള തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (എ) യും (ബി) യും<br><br>ന്യൂനപക്ഷക്ഷേമത്തിനായി ഇതുവരെ ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ താഴെക്കൊടുക്കുന്നു. |

| | | | |
|---|---|---|---|
| 1. | തീരദേശ സർക്കാർ സ്കൂളുകളിലെ പെൺകുട്ടികൾക്കായുള്ള ആരോഗ്യ ശുചിത്വ സമുച്ചയങ്ങളുടെ നിർമ്മാണം. | - | 7,23,20,599/- രൂപ (2010-11) |
| 2. | അഭ്യസ്തവിദ്യരായ മുസ്ലീം യുവജനതയെ വിവിധ മത്സര പരീക്ഷകളിൽ വിജയിക്കുവാൻ പ്രാപ്തരാക്കുന്നതിനുള്ള ന്യൂനപക്ഷ പരിശീലന കേന്ദ്രം (സംസ്ഥാനത്തുടനീളം ആരംഭിച്ച 9 കേന്ദ്രങ്ങൾ) | - | 65,50,000/- രൂപ |
| 3. | ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട പെൺകുട്ടികൾക്കായുള്ള സ്കോളർഷിപ്പ്, ഹോസ്റ്റൽ സ്റ്റൈപ്പന്റ് സ്കീം | - | 6,64,50,366/- രൂപ (2011-12) |
| 4. | സംസ്ഥാനത്തെ എല്ലാ ജില്ലകളിലെയും നിർദ്ധനരായ മുസ്ലീം, ക്രിസ്ത്യൻ വിഭാഗത്തിൽപ്പെട്ട 7036പഠിതാക്കൾക്ക് സൗജന്യമായി പഠന മേശ-കസേര വിതരണം. | - | 2,81,15,856/- രൂപ (2011-12) |
| 5. | കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധിയിലെ അംഗങ്ങളായ മദ്രസ്സാദ്ധ്യാപകരുടെ ബി.ടെക്-ന് പഠിക്കുന്ന അർഹരായ കുട്ടികൾക്ക് ലാപ് ടോപ്പ് വിതരണം. | - | 2,00,000/- രൂപ (2011-12) |
| 6. | സൈനിക / അർദ്ധ സൈനിക, പോലീസ് എന്നീ വിഭാഗങ്ങളിലെ വിവിധ തസ്തികകളിൽ ന്യൂനപക്ഷ പ്രാതിനിധ്യം ഉറപ്പാക്കുന്നതിനായുള്ള കായിക ക്ഷമതാ പരിശീലനം | - | 4,50,000/- രൂപ (2012-13) |
| 7. | വയനാട് ജില്ലയിൽ നടപ്പാക്കിയ കേന്ദ്രാവിഷ്കൃത പദ്ധതിയായ മൾട്ടി സെക്ടറൽ ഡവലപ്പ്മെന്റ് പദ്ധതി | - | 19.75 കോടി രൂപ |

മേൽപ്പറഞ്ഞ പദ്ധതികളിൽ മുസ്ലീം യുവജനത ക്കായുള്ള കോച്ചിംഗ് സെന്ററുകൾ, ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട പെൺകുട്ടികൾക്കായുള്ള സ്കോളർഷിപ്പ്, പഠിതാക്കൾക്ക് സൗജന്യമായി പഠനമേശ-കസേര വിതരണം, സൈനിക/അർദ്ധ സൈനിക, പോലീസ് എന്നീ വിഭാഗങ്ങളിലെ വിവിധ തസ്തികകളിൽ ന്യൂനപക്ഷ പ്രാതിനിധ്യം ഉറപ്പാക്കുന്നതിനായുള്ള കായികക്ഷമതാ പരിശീലനവുമായി ബന്ധപ്പെട്ട പദ്ധതി എന്നീ പദ്ധതികളിൽ 20 % മറ്റ് പിന്നാക്ക/ന്യൂനപക്ഷ വിഭാഗങ്ങൾക്കായി മാറ്റിവച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ